## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2806 19.06.2014- ൽ മറുപടിക്ക്

### വേനൽമഴയിൽ സംസ്ഥാനത്ത് ഉണ്ടായ നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ ബാലൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കഴിഞ്ഞ വേനൽമഴയിൽ സംസ്ഥാനത്ത് എത്രകോടി രൂപയുടെ നാശനഷ്ടം ഉണ്ടായി എന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (എ) | 237 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | എത്രപേർക്ക് ജീവഹാനി സംഭവിച്ചു; നാശനഷ്ടത്തിന്റെ വിശദമായ കണക്ക് വ്യക്തമാക്കുമോ; | (ബി) | വേനൽമഴയിൽ സംസ്ഥാനത്താകെ 24 പേർക്ക് ജീവഹാനി സംഭവിച്ചു. വേനൽ മഴക്കെടുതി മൂലം സംസ്ഥാനമാകെ 237 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. നാശനഷ്ടക്കെടുതി നീക്കം ചെയ്യുന്നതിനുവേണ്ടി 1128 ലക്ഷം രൂപയും കൃഷി നശിച്ച വകയിൽ 6483 ലക്ഷം രൂപയും മത്സ്യബന്ധന മേഖലകളിൽ 54.89 ലക്ഷം രൂപയും ഹൗസിംങ്ങ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ 159.30 ലക്ഷം രൂപയും നഷ്ടം വന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (സി) | വേനൽമഴക്കെടുതി മൂലമുള്ള നാശനഷ്ടങ്ങൾക്ക് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് എത്രകോടി രൂപയുടെ സാമ്പത്തിക സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത് ; ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (സി) | മഴക്കെടുതി നേരിടുന്നതിന് വേണ്ടി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരം 141.5 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു. വേനൽമഴ മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളും കെടുതികളും നേരിടുന്നതിന് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | നാശനഷ്ടത്തെക്കുറിച്ച് പഠിക്കാൻ കേന്ദ്രസംഘം കേരളം സന്ദർശിച്ചിട്ടുണ്ടോ; | (ഡി) | 2014 ലെ വേനൽമഴക്കെടുതികളെ കുറിച്ച് പഠിക്കുവാൻ കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘം 12.06.2014 മുതൽ 15.06.2014 വരെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞവർഷം കാലവർഷക്കെടുതിമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത്; എത്രകോടി രൂപയുടെ സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; എത്രരൂപ ലഭിച്ചു; ലഭിച്ച തുക സംസ്ഥാനം എങ്ങനെയാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | കഴിഞ്ഞ കാലവർഷക്കെടുതിമൂലം 899.44 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിരുന്നു. ടി തുക കേന്ദ്ര സഹായമായി ആവശ്യപ്പെട്ടിരുന്നു. 94.47 കോടി രൂപയുടെ അധിക ധനസഹായം കേന്ദ്രം അംഗീകരിച്ചുവെങ്കിലും ഈയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ